**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5783** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ യെല്ലോ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടത്തിവരുന്ന ഓപ്പറേഷൻ യെല്ലോ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ? | (എ) | പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി അവരുടെ റേഷൻ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനും അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായാണ് 'ഓപ്പറേഷൻ യെല്ലോ' എന്ന പരിശോധന പരിപാടി ആരംഭിച്ചിട്ടുള്ളത്. ഓപ്പറേഷൻ യെല്ലോ-യുടെ ഭാഗമായി വകുപ്പിന്റെ 24x7 പ്രവർത്തിക്കുന്ന മൊബൈൽ നമ്പറിലും (9188527301) ടോൾഫ്രീ നമ്പറിലും (18004251550) (1967) അനർഹമായി മുൻഗണന കാർഡ് കൈവശം വയ്ക്കുന്നവരുടെ വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ജില്ലാ / താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസർക്ക് കൈമാറി, ആവശ്യമായ പരിശോധന നടത്തി അനർഹമായി മുൻഗണനാ കാർഡ് കൈവശം വച്ചവരിൽ നിന്നും പിഴ ഈടാക്കി കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റി വരുന്നു. കൂടാതെ ഫീൽഡ്തല പരിശോധനയിലൂടെയും താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ നേരിട്ട് ലഭിക്കുന്ന പരാതികളിലും അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ